| റജിസ്റ്റർ നമ്പർ | | | |
|---|---|---|---|
| | | | |

بسم الله الرحمن الرحيم

| Sign.of Invigilator |
|---|
| |

# LEARN THE QU-R'AN

**XI[TH] TERM EXAMINATION – 2010 FOR PART 13 & 14**

റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ ഖുർആൻ പഠന പരീക്ഷാ പദ്ധതി

# പരീക്ഷാ ചോദ്യക്കടലാസ്

SET-A | പരീക്ഷാ കേന്ദ്രം: | സമയം: 2 മണിക്കൂർ

**<u>ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>.**

- റജിസ്റ്റർ നമ്പർ/പരീക്ഷാ കേന്ദ്രം അഥവാ സ്ഥലത്തിന്റെ പേര് എന്നിവ പൂരിപ്പിക്കുക.
- വെട്ട് തിരുത്ത് പാടില്ല.
- പരീക്ഷാ ക്രമക്കേടുകൾ പാടില്ല.
- ശരിയായ ഉത്തരത്തോട് ചേർന്നുള്ള **A B C D** കോളത്തിൽ ✓ അടയാളപ്പെടുത്തുക.

1. അല്ലാഹു എവിടെയാണ് എന്ന ചോദ്യത്തിന് സൂറത്തു റഅദിലെ ഉത്തരമെന്ത്.

| | | | | | | | |
|---|---|---|---|---|---|---|---|
| A | എല്ലായിടത്തും | B | കുർസിയ്യിൽ | C | അർശിൽ | D | ഉപരി ലോകത്ത് |

2. ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾക്കെതിരിൽ അക്രമങ്ങൾ നടത്തുന്നവരോട് പുലർത്തേണ്ട ഏററവും ഉത്തമമായ നിലപാട് ഏത് ?

| | | | |
|---|---|---|---|
| A | അടിച്ചതിന് പകരം വീട്ടണം | B | ആവർത്തിക്കാത്ത വിധം പാഠം പഠിപ്പിക്കണം |
| C | തിരിച്ചടിക്കാതെ ക്ഷമിക്കണം | D | അടിച്ചത് പോലെ മാത്രമേ അടിക്കാവൂ. |

3. അക്രമിയെ കണ്ടിട്ട് ജനങ്ങൾ അവന്റെ കൈക്ക് പിടിക്കുന്നില്ലെങ്കിൽ എന്ത് സംഭവിക്കുമെന്നാണ് നബി ﷺ പറഞ്ഞത്?

| | |
|---|---|
| A | അക്രമി വീണ്ടും വലിയ അക്രമം കാണിക്കും. |
| B | തിന്മ ചെറുക്കാത്തതിന്റെ പേരിൽ ജനങ്ങൾ പാപികളാകും. |
| C | അക്രമിക്കുന്നത് നോക്കി നിന്നവരെ അല്ലാഹു ശിക്ഷിക്കും. |
| D | അല്ലാഹുവിന്റെ ശിക്ഷ പൊതുവായി ബാധിക്കും. |

4. തേനീച്ചകളുടെ കൂട്ടത്തിൽ അദ്ധ്വാനിക്കുന്നത് ഏത് വർഗ്ഗം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ആൺ വർഗ്ഗം | B | പെൺ വർഗ്ഗം | C | റാണി | D | എല്ലാവരും ഒത്തൊരുമിച്ച് |

5. "അദൃശ്യത്തിന്റെ താക്കോലുകൾ അഞ്ചെണ്ണമാകുന്നു" അതിൽ "നാളെ എന്തുണ്ടാകുമെന്ന്" അറിയിപ്പ് നൽകപ്പെട്ടവർ ആര് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഔലിയാക്കൾ | B | ജോത്സ്യന്മാർ | C | നീരാളി | D | ആരുമില്ല |

6. പരിഹാസ ശരങ്ങൾ കൊണ്ട് പ്രയാസപ്പെട്ട പ്രവാചക ﷺ നെ സമാശ്വസിപ്പിച്ചു കൊണ്ട് വിഷാദിക്കേണ്ട,പരിഭ്രമിക്കേണ്ട എന്ന് അല്ലാഹു പറയുന്നു. അതോടൊപ്പം നബിﷺ ചെയ്യാനുള്ള കാര്യങ്ങൾ ഏതെല്ലാമാണ് നിർദ്ദേശിക്കപ്പെട്ടത്?

| | | | |
|---|---|---|---|
| A | തഹ്‌ലീൽ,തസ്ബീഹ്,തഹ്മീദ്,മരണം വരെ ആരാധന | B | തസ്ബീഹ് , സുജൂദ് , മരണം വരെ ആരാധന |
| C | തസ്ബീഹ് നമസ്കാരം,തക്ബീർ,മരണം വരെ ആരാധന | D | തക്ബീർ , തസ്ബീഹ് , തഹ്മീദ് , തഹ്‌ലീൽ |

7. ഖണ്ഡിതമായും ഭക്ഷിക്കാൻ അനുവദിക്കപ്പെടാത്ത മാംസം ഏത് മൃഗത്തിന്റേത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഒട്ടകം | B | കുതിര | C | പശു | D | കഴുത |

8. ഭൂമിയിൽ അല്ലാഹു അറിയാത്ത കാര്യത്തെപ്പററി അല്ലാഹുവിന് വിവരം പറഞ്ഞു കൊടുക്കുകയാണോ എന്ന് ചോദിക്കപ്പെടുന്നവർ ചെയ്ത അപരാധം എന്ത് ? (റഅദ്:33)

| | | | |
|---|---|---|---|
| A | അല്ലാഹുവിനെ ധിക്കരിച്ചു | B | അല്ലാഹുവിനെ പങ്കുകാരാക്കി |
| C | അല്ലാഹുവിനെ അവിശ്വസിച്ചു | D | അല്ലാഹുവിനെ നിഷേധിച്ചു |

9. 'മുഅക്കിബാത്ത് '(معقبات) കൊണ്ടുള്ള വിവക്ഷയെന്ത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | പ്രകൃതി ശക്തികൾ | B | നല്ല ജിന്നുകൾ | C | മലക്കുകൾ | D | പ്രകൃതി ശിക്ഷകൾ |

10. അല്ലാഹുവിന്റെ അർശിന്നരികിൽ എഴുതി രേഖപ്പെടുത്തി വെച്ചിരിക്കുന്ന വാചകം ?

| | | | |
|---|---|---|---|
| A | ആരാധനക്കർഹൻ അല്ലാഹു മാത്രമാകുന്നു. | B | മുഹമ്മദിനെ പ്രകാശത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. |
| C | താങ്കളില്ലായിരുന്നെങ്കിൽ ഈ ലോകം സൃഷ്ടിക്കില്ലായിരുന്നു. | | |
| D | എന്റെ കാരുണ്യം എന്റെ കോപത്തെ ജയിച്ചിരിക്കുന്നു. | | |

11. ആർക്കെങ്കിലും എന്തെങ്കിലും തിന്മ ബാധിക്കുന്നു എന്നു ബോധ്യപ്പെട്ടാൽ അവൻ പ്രാർത്ഥിണ്ടേത് ?

| | | | |
|---|---|---|---|
| A | പുണ്യാത്മാക്കളും ദിവ്യന്മാരും വഴി അല്ലാഹുവിനോട് | | |
| B | ജിന്നുകളും പിശാചുക്കളും വഴി അല്ലാഹുവിനോട് | | |
| C | മുഹമ്മദ് നബി ﷺ വഴി അല്ലാഹുവിനോട് | D | നേരിട്ട് അല്ലാഹുവിനോട് മാത്രം |

12. ചിലവഴിക്കുന്ന ഉടമയെയും കഴിവു കെട്ട അടിമയെയും ഉപമിച്ചത് എന്തിനോടാണ്?

| | |
|---|---|
| A | വിഗ്രഹാരാധനയുടെ നിരർത്ഥതയും ബുദ്ധി ശൂന്യതയും |
| B | കഴിവുള്ളവർ ചെയ്യുന്ന ദാനങ്ങളും പാവങ്ങളുടെ നിസ്സഹായാവസ്ഥയും. |
| C | നന്മ കൽപ്പിക്കുന്നവരും, തിന്മ കൽപ്പിക്കുന്നവരും |
| D | സംസാരിക്കാത്ത ഊമയോടും, ബുദ്ധിയും തന്റേടവുമുള്ള സദുപദേശിയോടും. |

13. ഞങ്ങൾ അങ്ങേക്ക് മെത്തയോ വിരിപ്പോ ഉണ്ടാക്കിത്തരട്ടെയോ എന്ന് സഹാബികൾ നബി ﷺ യോട് ചോദിച്ചത് എപ്പോൾ?

| | |
|---|---|
| A | വാഹന യാത്രക്കാരനും വൃക്ഷത്തണലും തമ്മിലെ ബന്ധം പറഞ്ഞപ്പോൾ |
| B | മനുഷ്യനും ഇഹലോകവും തമ്മിലെ ബന്ധം പഠിപ്പിച്ചപ്പോൾ |
| C | കിടന്ന പായയുടെ പാട് നബി ﷺ ശരീരത്തിൽ കണ്ടപ്പോൾ |
| D | നബി ﷺ യുടെ വീട്ടിൽ മെത്തയോ വിരിയോ ഇല്ലെന്ന് മനസ്സിലായപ്പോൾ |

14. ഖുർആനിലെ ഏററവും മഹത്തായ അദ്ധ്യായം ഏത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | റഅ്ദ് | B | ഇബ്രാഹീം | C | യാസീൻ | D | ഫാത്തിഹ |

15. അല്ലാഹു സന്മാർഗത്തിലേക്ക് വഴി ചേർക്കുന്നവരുടെ ഗുണവിശേഷമെന്താണ്?

| | | | |
|---|---|---|---|
| A | മനസ്സ് മടങ്ങി വിനയാന്വിതരായവർ | B | മുസ്ലീം മാതാപിതാക്കളിൽ ജനിച്ചവർ |
| C | പ്രവാചക കുടുംബത്തിൽ ഉൾപ്പെട്ടവർ | D | അല്ലാഹുവിലേക്ക് ഔലിയാക്കളിലുടെ അടുത്തവർ. |

16. സൂറത്ത് ഇബ്രാഹീം അവസാനിക്കുമ്പോൾ ഖുർആൻ മനുഷ്യർക്ക് നൽകുന്ന **3** സന്ദേശങ്ങൾ വ്യക്തമാക്കുന്നു. അതിൽ ഉൾപ്പെടാത്തത് ഏത് ?

| | | | |
|---|---|---|---|
| A | മുന്നറിയിപ്പ് (താക്കീത്) നൽകപ്പെടുക | B | അല്ലാഹു ഒരേ ഒരു ആരാധ്യനെന്നറിയിക്കുക |
| C | ജീവിച്ചിരിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുക | D | ബുദ്ധിമാന്മാർ ഉററാലോചിക്കുന്നവരാകുക |

17. പ്രവാചകത്വ സിദ്ധിക്കുള്ള മാനദണ്ഡമെന്ത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഏകാന്തവാസം | B | ഏകാഗ്ര ഭജനം | C | ദൈവമാർഗ്ഗ ശ്രമം | D | ദിവ്യാനുഗ്രഹം |

18. ഇബ്രാഹീം നബിയെ പ്രശംസിച്ച് അല്ലാഹു പറഞ്ഞ എട്ട് കാര്യങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ് (നഹ്ൽ : 120) ?

| | | | |
|---|---|---|---|
| A | ഭക്തൻ,അനുസരണമുള്ളവൻ, ഋജുമാനസൻ | B | ലോകത്തിന് മുഴുവൻ അനുഗ്രഹമായവൻ |
| C | ശിർക്കില്ലാത്ത തൗഹീദുള്ളവൻ, അല്ലാഹുവിനോട് നന്ദിയുള്ളവൻ | | |
| D | നേർമാർഗ്ഗത്തിന്റെ മാതൃക, തൗഹീദിന്റെ പടനായകൻ (ശിർക്കിന്റെ കണ്ഠകോടാലി) | | |

19. നല്ല വൃക്ഷത്തെക്കുറിച്ചുള്ള നബി ﷺ യുടെ ചോദ്യത്തിന് ഉത്തരം മനസ്സിലുണ്ടായിട്ടും പറയാൻ മടിച്ച സ്വഹാബി?

| | | | | | | | |
|---|---|---|---|---|---|---|---|
| A | അബൂബക്കർ | B | ഉമർ | C | ഇബ്നു ഉമർ | D | ഉസ്മാൻ |

20. ഈ ലോക ജീവിത സുഖങ്ങളിൽ പുളകം കൊള്ളുകയും അത് തൃപ്തിപ്പെടുകയും ചെയ്യുന്നവർ ആരാണെന്നാണ് സൂറ: റഅദിന്റെ വിശദീകരണത്തിൽ പറയുന്നത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മുസ്ലീംകൾ | B | മുഅ്മിനുകൾ | C | വിശ്വാസികൾ | D | ദുർമ്മാർഗ്ഗികൾ |

21. പ്രവർത്തി കൊണ്ടുള്ള സ്മരണകളിൽ ഉൾപ്പെടാത്തത് ഏത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നമസ്കാരം | B | വ്രതം | C | വിനയം | D | ദാനം |

22. ഇടി കേൾക്കുമ്പോൾ നബി ﷺ പറഞ്ഞിരുന്ന തസ്ബീഹിന്റെ ശരിയായ ഘടന ഏത് ?

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| بحمده | الرّعد | سبحان | يسبح | من |

| A | 1 2 3 4 5 | B | 3 5 4 2 1 | C | 5 3 2 1 4 | D | 2 3 5 4 1 |
|---|---|---|---|---|---|---|---|

23. "ഞാൻ എന്റെ പിതാവ് ഇബ്രാഹീമിന്റെ പ്രാർത്ഥനയാണ് " ആരാണ് ഞാൻ?

| A | ഇസ്മാഈൽ ﷺ | B | ഇസ്ഹാഖ് ﷺ | C | യഅ്കൂബ് ﷺ | D | മുഹമ്മദ് ﷺ |
|---|---|---|---|---|---|---|---|

24. ബലി അറുക്കുവാൻ കൊണ്ടു പോയ ഇസ്മാഈൽ നബിക്ക് പകരം ഇസ്ഹാഖ് നബിയുടെ പേര് ബൈബിളിൽ എഴുതിച്ചേർത്തതിന്റെയും ഇസ്മാഈൽ നബിയെപ്പററി 'കാട്ടു കഴുത' എന്ന് തെററായി പരിഭാഷപ്പെടുത്തിയതിന്റെയും പിന്നിലെ ക്രിസ്തീയ വികാരിമാരുടെ വികാരമെന്ത് ?

| | | | |
|---|---|---|---|
| A | ഇസ്രായീൽ മക്കളെ വലുതാക്കുക | B | ഇസ്ഹാഖ് നബിയെ ഉയർത്തുക |
| C | ചരിത്രം വികൃതമാക്കുക. | D | മുഹമ്മദ് നബിയെ തരം താഴ്ത്തുക |

25. വാദപ്രതിവാദങ്ങൾ ഫലപ്രദമാക്കാൻ ശ്രദ്ധിക്കേണ്ട ഇസലാമിക മാർഗ്ഗം ?

| | |
|---|---|
| A | സംഭാഷണം മൂലം പ്രതിയോഗിയെ പരാചയപ്പെടുത്താൻ ഉദ്ദേശിക്കുക |
| B | സംസാര ശൈലിയും പ്രയോഗങ്ങളും മൂലം അനുകൂലികളെ തൃപ്തിപ്പെടുത്തുക |
| C | സത്യസന്ധമായ സംസാരം മൂലം സത്യം ഗ്രഹിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടാകുക |
| D | ഉത്തരം മുട്ടുമ്പോൾ അടിസ്ഥാന വിഷയത്തിൽ നിന്നു തെന്നി മാറുക |

26. പിശാചുക്കളുടെ സഹോദരന്മാരെന്ന് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചത് ?

| A | ജിന്നുകൾ | B | മുസ്ലീംകൾ | C | പാപികൾ | D | ധൂർത്തന്മാർ |
|---|---|---|---|---|---|---|---|

27. ഇമാം എന്ന വാക്കിന്റെ അർത്ഥത്തിൽ ഉൾപ്പെടാത്ത പദം ?

| A | തുറന്ന വഴി | B | പോരാളി | C | മാതൃക | D | മുമ്പൻ |
|---|---|---|---|---|---|---|---|

28. മുഹമ്മദ് നബി ﷺ യെയും ഖുർആനിനെയും പരിഹസിക്കാൻ മുൻപന്തിയിൽ നിന്നവർക്ക് നേരിടേണ്ടി വന്നത് ?

| | | | |
|---|---|---|---|
| A | അപകട മരണങ്ങൾ | B | അസാധാരണ ദുർമരണങ്ങൾ |
| C | സ്വാഭാവിക മരണങ്ങൾ | D | യുദ്ധത്തിൽ നിന്ദ്യ മരണങ്ങൾ |

29. 'സൂക്ഷ്മതയും സൂകൃതവും ചെയ്യുന്നവർക്ക് ഒന്നും പേടിക്കാനില്ല'(നഹ്ൽ : 128)

| | | | |
|---|---|---|---|
| A | ഔലിയാക്കൾ അവരെ കാക്കും | B | മലക്കുകൾ അവരെ സംരക്ഷിക്കും |
| C | നബിമാർ അവർക്ക് ശുപാർശ ചെയ്യും | D | അല്ലാഹു അവരുടെ ഭാഗത്താണ് |

30. തീർച്ചയായും എല്ലാ (ഓരോ) സമുദായത്തിലും നാം റസൂലിനെ നിയോഗിച്ചിട്ടുണ്ട് (സൂറത്തു നഹ്ൽ:36) നിയോഗത്തിന്റെ ലക്ഷ്യമെന്ത്?

| | |
|---|---|
| A | അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കുക. |
| B | അല്ലാഹുവിന്റെ പ്രവാചകന്മാരിലൂടെ അല്ലാഹുവിലേക്ക് അടുക്കുക. |
| C | അല്ലാഹുവിനെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യുക. |
| D | അല്ലാഹുവിന്റെ അടിമകൾക്ക് ജീവകാരുണ്യം നിർവ്വഹിക്കുക. |

31. "ഇബ്നു ജദ്ആൻ ചെയ്ത സദ്കർമ്മങ്ങൾ അയാൾക്ക് ഉപകരിക്കുകയില്ല" നബി ﷺ ഇത് പറയാൻ കാരണം. അയാൾക്ക് ..................ൽ വിശ്വാസമില്ലായിരുന്നു.

| A | പരലോകത്തിൽ | B | അല്ലാഹുവിൽ | C | മലക്കുകളിൽ | D | പ്രവാചകനിൽ |
|---|---|---|---|---|---|---|---|

32. സൂറത്തുൽ ഫാത്തിഹക്ക് 'ഹിജ്റി'ൽ പറഞ്ഞ മറെറാരു പേരെന്ത് ?

| A | ഉമ്മുൽ കിതാബ് | B | ദുആഅ് | C | ഹംദ് | D | സബ്അുൽ മസാനീ |
|---|---|---|---|---|---|---|---|

33. 'നസ്ഖ് ' ( نسخ ) എന്നാൽ എന്ത് ?

| | |
|---|---|
| A | ശകുനപ്പിഴവ് എന്ന പേരിലറിയപ്പെടുന്ന ഒരു അന്ധവിശ്വാസം |
| B | ഖുർആൻ വചനത്തിലടങ്ങിയ താൽക്കാലിക വിധി മറെറാരു വചനം മൂലം നീക്കം ചെയ്യുക |
| C | ഖുർആൻ വചനത്തിലടങ്ങിയ വിധി ശരിയാകാതെ വരുമ്പോൾ മറെറാരു വചനം ഇറക്കുക |
| D | ജോത്സ്യന്മാരും കണക്കു നോട്ടക്കാരും നടത്തുന്ന ഒരു ദുഷ്പ്രവൃത്തി |

34. 'നിനക്ക് ഉറപ്പു വന്നെത്തുന്നതു വരേക്കും നീ നിന്റെ റബ്ബിനെ ആരാധിക്കുകയും ചെയ്യുക'ഈ ആയത്തിനെ സംബന്ധിച്ച് ചില സൂഫികളുടെ ദുർവ്യാഖ്യാനം എന്ത്?

| | |
|---|---|
| A | മരണം വരേക്കും ആരാധനകൾ നടത്തിക്കൊണ്ടിരിക്കണം |
| B | അറിവും ഉറപ്പുമുള്ളവർ പിന്നെയും ആരാധനകൾ നടത്തിക്കൊണ്ടിരിക്കും |
| C | വിശ്വാസം ഉറച്ചു കഴിയും വരെ ആരാധനകൾ മതി ; പിന്നെ ആവശ്യമില്ല |
| D | വിശ്വാസവും ആരാധനയും നിലക്കാത്ത നിലയിൽ മരണത്തെ കണ്ടു മുട്ടണം |

35. ഖുർആനിനെ അല്ലാഹു സംരക്ഷിക്കുമെന്ന് പറഞ്ഞത് ഏത് വചനത്തിലാണ്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നഹ്ൽ 42 | B | ഹിജ്ർ 9 | C | ഇബ്രാഹീം 25 | D | ഇസ്രാഅ് 30 |

36-40. ജിന്നിനെ സംബന്ധിച്ച താഴെ പറയുന്ന പരാമർശങ്ങൾക്ക് നേരെ കൊടുത്ത കോളത്തിൽ തെറ്റോ ☒ ശരിയോ ☑ എന്ന് അടയാളപ്പെടുത്തുക ? (1/2 മാർക്ക് വീതം)

| | | |
|---|---|---|
| 1 | പിശാചുക്കൾ ജിന്നുകളിലുണ്ട് ; മനുഷ്യരിൽ ഇല്ല | |
| 2 | മനുഷ്യരിൽ പിശാചുക്കൾ ഉണ്ട് ; ജിന്നുകൾ ഇല്ല | |
| 3 | ഒരേ വർഗ്ഗത്തിലെ രണ്ടു വിഭാഗമാണ് ജിന്നും മനുഷ്യരും | |
| 4 | ബാഹ്യേന്ദ്രിയങ്ങൾക്ക് കാണാൻ പററാത്തവയാണ് ജിന്നുകൾ | |
| 5 | ജിന്ന് മലക്കുകളിൽ പെട്ട ഒരു വിഭാഗമാണ് | |
| 6 | നബി ﷺ ജിന്നിനെ കണ്ടിട്ടില്ലെന്ന് അബ്ബാസ് ﵁ വിൽ നിന്ന് വന്നിട്ടുണ്ട് | |
| 7 | ജിന്ന് വർഗ്ഗത്തിൽ വിഡ്ഢികളും അല്ലാത്തവരും മുസ്‌ലീംകളും അല്ലാത്തവരും ഉണ്ട് | |
| 8 | ജിന്ന് ശൈത്താൻ സംബന്ധമായ സംസാരങ്ങൾ എല്ലാം അനാവശ്യമാണ് | |
| 9 | ജിന്ന് എന്നാൽ പിശാച്,രാക്ഷസൻ,ഭൂതം,ദേവത എന്നീ അർത്ഥങ്ങളുണ്ട് | |
| 10 | ഖുർആനിൽ ജിന്ന് എന്ന പേരിൽ ഒരദ്ധ്യായം തന്നെ ഉണ്ട് | |

41. അല്ലാഹു പറഞ്ഞു: 'നിങ്ങൾ ......... ചെയ്യുന്ന പക്ഷം തീർച്ചയായും ഞാൻ നിങ്ങൾക്ക് വർദ്ധിപ്പിച്ചു തരിക തന്നെ ചെയ്യും.

| | | | | | | | |
|---|---|---|---|---|---|---|---|
| A | കരുണ | B | ദാനം | C | ധർമ്മം | D | നന്ദി |

42. മഹാത്ഭുതമായ ഉറവു പൊട്ടി ഒഴുകിയ വെള്ളത്തോട് 'സംസം' എന്ന് പറഞ്ഞ് കെട്ടി നിർത്തിയതാര് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സാറ ﵂ | B | ഹാജറ ﵂ | C | ഇബ്രാഹീം ﵇ | D | ഇസ്മാഈൽ ﵇ |

43. അല്ലാഹു അല്ലാത്തവരുടെ (ഏതൊരു വലിയ്യിന്റെയും ശൈഖിന്റെയും) പേരിൽ അറുക്കപ്പെട്ടത് തിന്നാൽ ഹറാമാകുന്നുവെന്ന് വ്യക്തമാക്കിയ ഖുർആൻ വചനം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നഹ്ൽ 5 | B | നഹ്ൽ 15 | C | നഹ്ൽ 115 | D | നഹ്ൽ 125 |

44. താഴെ തന്നതിൽ മണ്ണ് എന്ന് അർത്ഥമില്ലാത്ത പദം?

| | | | | | | | |
|---|---|---|---|---|---|---|---|
| A | طين | B | تراب | C | حمأ | D | سموم |

45. നരക കവാടങ്ങളുടെ എണ്ണം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | 7 | B | 8 | C | 70 | D | 700 |

46. ഇസ്ലാം സ്രഷ്ടാവിൽ നിന്നുള്ളതും സർവ്വകാലികവുമാണെന്ന് മനസ്സിലാക്കാൻ പ്രകടമായ തെളിവുള്ള ഒരു ആയത്താണ് സൂറത്ത് നഹ്ലിന്റെ 8-ാം വചനം. ഇതിൽ വിഷയാധിഷ്ടിതമായ തെളിവുദ്ധരിക്കാവുന്ന ഭാഗം ഏത്?

| | | | | | | | |
|---|---|---|---|---|---|---|---|
| A | وَيَخْلُقُ مَا لَا تَعْلَمُونَ | B | وَزِينَةً | C | وَالْحَمِيرَ لِتَرْكَبُوهَا | D | وَالْخَيْلَ وَالْبِغَالَ |

47-50. പ്രാർത്ഥനയെക്കുറിച്ചുള്ള താഴെ പറയുന്ന പ്രസ്താവനകൾ തെറ്റോ ☒ ശരിയോ ☑ എന്ന് കാലിയായ കോളത്തിൽ അടയാളപ്പെടുത്തുക? (1/2 മാർക്ക് വീതം)

| | | |
|---|---|---|
| A | അല്ലാഹു അല്ലാത്ത ഒരു വ്യക്തിയോടും ശക്തിയോടും ഒരിക്കലും പ്രാർത്ഥിക്കരുത്. | |
| B | ആദ്യം നബി ﷺ ക്കും പിന്നീട് സ്വന്തത്തിനും, മററു ബന്ധപ്പെട്ടവർക്കും പ്രാർത്ഥിക്കുക. | |
| C | ശിർക്ക്, കുഫ്ർ എന്നീ മഹാ പാപങ്ങളിൽ നിന്ന് രക്ഷാ തേട്ടത്തിന് മുൻഗണന നൽകണം. | |
| D | കുറ്റകരമോ,കുടുംബ ബന്ധം മുറിക്കുന്നതോ ആയ കാര്യം ചോദിക്കാതെയുള്ള പ്രാർത്ഥനക്കുത്തരം കിട്ടും | |
| E | പ്രാർത്ഥിക്കുന്നവന് അല്ലാഹു ചെയ്ത അനുഗ്രഹങ്ങൾ എടുത്തു പറയുന്നതിന് തെളിവുണ്ട്. | |
| F | അല്ലാഹുവിന്റെ വിധിവ്യവസ്ഥകൾക്കും നിയമനടപടികൾക്കും എതിരായി പ്രാർത്ഥിക്കരുത്. | |
| G | വളരെ നിസ്സാരമായ കൊച്ചു കൊച്ചു കാര്യങ്ങൾക്ക് വേണ്ടി എപ്പോഴും പ്രാർത്ഥിക്കരുത്. | |
| H | പ്രാർത്ഥന തന്നെയാണ് ആരാധന എന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്. | |

51. ലൂത്ത് നബി ﷷയുടെ രാജ്യം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സദ്ദൂം | B | മദ്‌യൻ | C | ശാം | D | ഹിജ്ർ |

52. 'നബിയേ എന്റെ അടിയാന്മാർക്ക് വിവരം അറിയിക്കുക ; നിശ്ചയമായും,ഞാൻ തന്നെയാണ് വളരെ പൊറുക്കുന്ന വനും കരുണാനിധിയായുള്ളവനെന്നും; ....... 'തൊട്ടുടനെ അല്ലാഹു പറയുന്നതെന്ത്?

| | |
|---|---|
| A | ഇബ്രാഹീമിന്റെ അതിഥികളെക്കുറിച്ചും അവർക്ക് വിവരം അറിയിക്കുക എന്നും |
| B | എന്നിരിക്കെ അല്ലാഹു അല്ലാത്തവരെ നിങ്ങൾ സൂക്ഷിക്കുന്നോ എന്നും |
| C | എന്റെ ശിക്ഷ തന്നെയാണ് വേദനയേറിയ ശിക്ഷ എന്നും |
| D | ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തമുണ്ട് എന്നും |

53. മലകൾ വെട്ടിത്തുരന്ന് വീടുണ്ടാക്കിയവർ ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ആദ് സമുദായം | B | സമൂദ് സമുദായം | C | സദ്ദൂം സമൂഹം | D | മരക്കാവ്കാർ |

54. സ്വർഗ്ഗത്തിലെ അഭിവാദ്യമായ 'സലാം' അർത്ഥമാക്കുന്നത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സ്വാഗതം | B | വന്ദനം | C | നമസ്കാരം | D | സമാധാനം |

55. ഖുർആനിൽ 'നല്ല വൃക്ഷം' എന്തിനോടാണ് ഉപമിച്ചത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഈത്തപ്പന | B | സ്വലാത്ത് | C | തൗഹീദി കലിമ | D | ഒലീവ് മരം |

56. മക്കയിലെ ജനവാസത്തിന് നിമിത്തമായത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സംസം | B | കഅ്ബ | C | ഇസ്മാഈൽ | D | യമനികൾ |

57. 'അവർ ആവർത്തിച്ചാൽ നീയും ആവർത്തിക്കുക' നബി ﷺ അമ്മാർ ؓ യോട് ഏത് വാക്കിനെക്കുറിച്ചാണ് പറ ഞ്ഞത് ?

| | | | |
|---|---|---|---|
| A | നബി ﷺ യെ പുകഴ്ത്തിപ്പറയുക | B | നബി ﷺ യെ പ്രകീർത്തിക്കുക |
| C | നബി ﷺ യെ സ്തുതിച്ച് പറയുക | D | നബി ﷺ യെ പഴി വാക്ക് പറയുക |

58. നല്ല വാക്കു (كلمة الطيبة) കളിൽ ഒന്നാം സ്ഥാനം വഹിക്കുന്നത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | സദുപദേശം | B | സ്നേഹ സംവാദം | C | സത്യ പ്രബോധനം | D | തൗഹീദീ സാക്ഷ്യ വചനം |

59. അല്ലാഹുവിങ്കൽ എത്ര വലിയ മഹാനായാലും അക്കാരണത്താൽ അയാളുടെ മക്കൾക്കോ, കുടുംബങ്ങൾക്കോ, അടുത്തവർക്കോ ഒരു ഗുണവും പരലോകത്ത് ലഭിക്കുകയില്ല.എന്നതിന് തെളിവായ ഖുർആൻ ?

| | | | |
|---|---|---|---|
| A | وَمَا أَكْثَرُ النَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ | B | وَالَّذِينَ يَدْعُونَ مِنْ دُونِهِ لَا يَسْتَجِيبُونَ لَهُمْ بِشَيْءٍ إِلَّا كَبَاسِطِ كَفَّيْهِ |
| C | وَأَنْ لَيْسَ لِلْإِنْسَانِ إِلَّا مَا سَعَى | D | إِنَّ اللَّهَ وَعَدَكُمْ وَعْدَ الْحَقِّ وَوَعَدْتُكُمْ فَأَخْلَفْتُكُمْ وَمَا كَانَ لِي عَلَيْكُمْ مِنْ سُلْطَانٍ |

60. 'തങ്ങളുടെ റബ്ബിന് ഉത്തരം നൽകിയവർക്ക് ഏററവും നല്ല പ്രതിഫലം ഉണ്ടായിരിക്കും'(റഅദ് :18) റബ്ബിന് ഉത്തരം നൽകുക എന്നാൽ എന്ത് ?

| | | | |
|---|---|---|---|
| A | ഔലിയാക്കളെ ബഹുമാനിക്കുക | B | നാലാൽ ഒരു മദ്ഹബ് സ്വീകരിക്കുക |
| C | രണ്ടാൽ ഒരു തരീഖത്ത് അംഗീകരിക്കുക അല്ലെങ്കിൽ ഏതെങ്കിലും ഒരു ശൈഖിനെ പിന്തുടരുക | | |
| D | തൗഹീദിലും,ഖുർആനിലും,നബി ﷺ യിലും വിശ്വസിച്ച് നേർമാർഗ്ഗ ക്ഷണം സ്വീകരിക്കുക | | |

61. അല്ലാഹുവിനെ സ്മരിച്ചു കൊണ്ട് ഇടി തസ്ബീഹ് (പ്രകീർത്തനം) നടത്തുന്നു എന്ന ആയത്തിലെ വിശദീകര ണമല്ലാത്തത് ഏത് ?

| | |
|---|---|
| A | ഏഴാകാശവും ഭൂമിയും അവയിലുള്ളതും അവന്ന് തസ്ബീഹ് ചെയ്യുന്നു |
| B | പ്രതീകാത്മകമായിട്ടാണ് നാമിത് മനസ്സിലാക്കേണ്ടത് |
| C | ഒരു വസ്തുവും തന്നെ അവന് തസ്ബീഹ് ചെയ്യാത്തതായിട്ടില്ല |
| D | അവയുടെ തസ്ബീഹുകൾ നിങ്ങൾ ഗ്രഹിക്കുകയില്ല |

62. ആദമിന് സുജൂദ് ചെയ്യാതിരിക്കാൻ ഇബ്‌ലീസ് പറഞ്ഞ കാരണം ?

| | |
|---|---|
| A | സുജൂദ് അല്ലാഹുവിന് മാത്രമേ പാടുള്ളൂ |
| B | ആദമിന്റെ ഖബറിലാണെങ്കിൽ ഞാൻ സുജൂദ് ചെയ്തോളാം. |
| C | ....മണ്ണിനാൽ നീ സൃഷ്ടിച്ച മനുഷ്യനു സുജൂദ് ചെയ്യാൻ ഞാനായിട്ടില്ല |
| D | ആദമിനേക്കാൾ അറിവും പ്രായവും എനിക്കാണ് |

63-67. താഴെക്കൊടുത്ത **ഏതെങ്കിലും പത്ത്** മലയാള പദങ്ങൾക്ക് നേരെ , അവക്ക് അനുയോജ്യമായ അറബി പദങ്ങളുടെ സൂചനാ അക്ഷരങ്ങൾ നൽകുക? (1/2 മാർക്ക് വീതം)

| | | |
|---|---|---|
| 1 | പരമകാരുണികൻ | |
| 2 | നന്ദി ചെയ്യുന്നവൻ | |
| 3 | പൊറുക്കുന്നവൻ | |
| 4 | കേൾക്കുന്നവൻ | |
| 5 | സ്വേഛാധികാരി | |
| 6 | സ്തുത്യർഹൻ | |

| | | |
|---|---|---|
| 7 | സർവ്വശക്തൻ | |
| 8 | സർവ്വാധികാരി | |
| 9 | പ്രതാപശാലി | |
| 10 | കരുണാനിധി | |
| 11 | ധന്യതയുള്ളവൻ | |
| 12 | അഗാധജ്ഞാനമുള്ളവൻ | |

| A | B | C | D | E | F | G | H | I | J |
|---|---|---|---|---|---|---|---|---|---|
| غفور | رحيم | قهار | سميع | عزيز | جبار | حميد | شكور | حكيم | غني |

68. ഇസ്ലാമിന്റെ പേരിൽ കൊല്ലപ്പെട്ട ആദ്യത്തെ രണ്ട് രക്തസാക്ഷികൾ ?

| | | | |
|---|---|---|---|
| A | യാസിർ ؓ, സുമയ്യ ؓ | B | അമ്മാർ ؓ ,സുമയ്യ ؓ |
| C | ഹംസ ؓ ,സുമയ്യ ؓ | D | ഖബ്ബാബ് ؓ ,സുമയ്യ ؓ |

69. നൂഹ് നബിയുടെ മകൻ, ലൂത്ത് നബിയുടെ ഭാര്യ, ഇബ്രാഹീം നബിയുടെ പിതാവ് , മുഹമ്മദ് നബി ﷺ യുടെ പിതൃവ്യൻ ഇവർക്ക് ആർക്കും രക്ഷ കിട്ടാതിരുന്നത് എന്തിന് തെളിവാണ് ?

| | |
|---|---|
| A | ബുദ്ധിമാന്മാരേ സ്വർഗ്ഗത്തിൽ പ്രവേശിക്കൂ |
| B | സജ്ജനങ്ങളുടെ ഇണകളും, പിതാക്കളും സ്വർഗ്ഗത്തിൽ പ്രവേശിക്കും |
| C | ഔലിയാക്കളുടെ മുരീദുകളായി ബൈഅത്ത് ചെയ്യാത്തവർക്ക് രക്ഷ കിട്ടില്ല |
| D | ഒരാൾ എത്ര ഉൽകൃഷ്ട പദവിയിലുള്ളവരായാലും അക്കാരണത്താൽ അയാളുടെ സ്വന്തം മക്കൾക്കും ബന്ധുക്കൾക്ക് പോലും പരലോകത്ത് ഒരു പുണ്യവും ലഭിക്കാൻ പോകുന്നില്ല. |

70. അനുഗ്രഹങ്ങളുടെ അദ്ധ്യായം എന്നു പേരുള്ള സൂറത്ത് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നഹ്ൽ | B | ഹിജ്ർ | C | ഇബ്രാഹീം | D | റഅ്ദ് |

71. പതച്ച മണലിൽ മലർത്തിക്കിടത്തി പാറക്കല്ലുകൾ നെഞ്ചിൽ കയററി വെച്ചപ്പോഴും അതു പോലുള്ള അക്രമങ്ങൾ സഹിച്ചപ്പോഴും അഹദ് അഹദ് (ഒരുവൻ ഒരുവൻ) എന്ന തൗഹീദിന്റെ ശബ്ദം ഉയർത്തിയ സ്വഹാബി ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | യാസിർ ؓ | B | അമ്മാർ ؓ | C | ബിലാൽ ؓ | D | ഖബ്ബാബ് ؓ |

72. ഇസ്മാഈൽ നബിയോട് ഉമ്മറപ്പടി ഉറപ്പിക്കുവാൻ പിതാവ് ഏൽപ്പിച്ചു പോയി. ഉറപ്പിക്കാനുള്ള ഉമ്മറപ്പടി ഏത്?

| | | | |
|---|---|---|---|
| A | കഅ്ബയുടെ വാതിൽ | B | വീടിന്റെ പ്രധാന കവാടം |
| C | ഉമ്മറത്തുള്ള പടി | D | ഇസ്മാഈലിന്റെ ഭാര്യ |

73. മലക്കുകൾക്ക് ആതിഥേയമരുളിയ പ്രവാചകൻ ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | മുഹമ്മദ് ﷺ | B | യഅ്കൂബ് ؑ | C | ഇബ്രാഹീം ؑ | D | ഇസ്മാഈൽ ؑ |

74. 'ഞങ്ങൾ നിങ്ങളെക്കുറിച്ച് ഭയമുള്ളവരാകുന്നു' ആര് ആരെ? (ഹിജ്ർ:52)

| | | | |
|---|---|---|---|
| A | ഇബ്രാഹീം നബി മലക്കുകളെക്കുറിച്ച് | B | ഹിജ്റുകാർ വിശ്വാസികളെക്കുറിച്ച് |
| C | വിശ്വാസികൾ ശത്രുക്കളെക്കുറിച്ച് | D | ലൂത്ത് നബി ജനങ്ങളെക്കുറിച്ച് |

75. അടിമ തന്റെ രക്ഷിതാവിനോട് ഏററവും അടുക്കുന്ന സന്ദർഭം ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നമസ്കാരത്തിൽ | B | ഉറക്കത്തിൽ | C | യാത്രയിൽ | D | സുജൂദിൽ |

76. ജിന്നുകൾക്ക് മനുഷ്യരെപ്പോലെ മരണമുണ്ടോ ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഉറപ്പായും ഉണ്ട് | B | ഇല്ലേ ഇല്ല | C | ഉണ്ടെന്ന് സൂചനകൾ ഉണ്ട് | D | ഇല്ലെന്ന് തെളിവുണ്ട് |

77. 'സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ.. അവന് ഏതൊരു കാര്യം വിധിച്ചാലും അതവന്ന് ഗുണകരമാകാതിരിക്കുകയില്ല; അവന് ദുരിതം ബാധിച്ചാൽ അവൻ ________. അപ്പോൾ അത് അവന് ഗുണകരമായി രിക്കും....?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ക്ഷമിക്കും | B | നന്ദി പറയും | C | പൊറുക്കും | D | പ്രാർത്ഥിക്കും |

78. ഫത്ഹുൽബാരി എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | നവവി ؒ | B | ഇബ്നു ഹജർ ؒ | C | ബുഖാരി ؒ | D | ഇബ്നു കസീർ ؒ |

79. മതവിജ്ഞാനം നേടുകയും പഠിപ്പിക്കുകയും ചെയ്തവനെ നബി ﷺ ഉപമിച്ചത് ?

| | | | |
|---|---|---|---|
| A | തീ കത്തിച്ചവൻ | B | മഴ ഉപയോഗിച്ചവൻ |
| C | കസ്തൂരി വഹിച്ചവൻ | D | നഷ്ടപ്പെടുത്തിയത് കണ്ടെടുത്തവൻ |

80. അവിശ്വാസികൾ ചെയ്തു വരുന്ന ദാനധർമ്മം, പൊതു സേവനം, ജീവകാരുണ്യ പ്രവർത്തനം ഇവ ഒന്നിനും പര ലോകത്ത് ഒരു ഫലവും ലഭിക്കാതിരിക്കാൻ കാരണം ആഇശാ ﵂ ഹദീസിലൂടെ വ്യക്തമാക്കുന്നത് ?

| | | | |
|---|---|---|---|
| A | ഈ ലോകത്ത് തന്നെ കൂലി കിട്ടുന്നതിനാൽ | B | പരലോകത്ത് വിശ്വാസമില്ലാത്തതിനാൽ |
| C | അവിശ്വാസികൾ ദുസ്വഭാവികളായതിനാൽ | D | ഈ ലോകത്തും പ്രതിഫലം കാംക്ഷിക്കുന്നതിനാൽ |

81. ഖുർആൻ അവതരിച്ചതിൽ ആനന്ദിച്ച യഹൂദ പ്രമുഖൻ ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | കഅബ്ബ്നു അശ്റഫ് | B | സയ്യിദ് | C | ആഖിബ് | D | അബ്ദുല്ലാബ്നുസലാം |

82. ഇസ്ഹാഖ് ﵇ യെക്കുറിച്ച് സൂറ: ഹിജ്റിൽ പറഞ്ഞ വിശേഷണം ?

| | | | |
|---|---|---|---|
| A | ദൈവസാമീപ്യമുള്ളവൻ | B | വിനയമുള്ളവൻ |
| C | ജ്ഞാനിയായ ബാലൻ | D | സഹനശീലൻ |

83. 'അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ മായ്ക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു' (റഅദ് : 39) ഈ വചനത്തി ന്റെ ഏററവും സുരക്ഷിതമായ വിശദീകരണമേത് ?

| | |
|---|---|
| A | ആയുസ്സ് ,ആഹാരം, രോഗം, ആരോഗ്യം തുടങ്ങിയവ മായ്ക്കും |
| B | ദൗർഭാഗ്യം, സൗഭാഗ്യം തുടങ്ങിയ എല്ലാ വിഷയത്തിലും മായ്ക്കലുണ്ടാകും |
| C | എല്ലാ വിഷയയങ്ങളിലും ഇല്ല ; ചില പ്രത്യേക വിഷയയങ്ങളാണ് മായ്ക്കുക |
| D | ഉപാധിയും പരിമിതിയുമില്ലാതെ ഈ വചനം മുഖവിലക്ക് സ്വീകരിക്കുകയാണ് വേണ്ടത് |

84. അല്ലാഹു മാലാഖമാരിലൂടെ പ്രവാചകന്മാർക്ക് ഇറക്കുന്ന സന്ദേശത്തിലെ പരമപ്രധാനമായ താക്കീത് '________ എന്നെ സൂക്ഷിക്കുക...' എന്നതാണ് (നഹ്ൽ :2)

| | | | |
|---|---|---|---|
| A | അക്രമകാരികൾക്ക് കഠിന ശിക്ഷയുണ്ട് | B | ഞാനല്ലാതെ ആരാധ്യനില്ല |
| C | നന്മ തിന്മക്ക് പ്രതിഫലം നൽകപ്പെടും | D | പ്രവാചകന്മാരെ പിന്തുടരുക |

85. ആ ദിവസം കുററവാളികൾ ചങ്ങലകളിൽ കൂട്ടിക്കെട്ടിയവരായി നിനക്ക് കാണാം. ആ ദിവസത്തിന്റെ ഭയാനകത കളായി തൊട്ടുമുമ്പ് പറഞ്ഞ കാര്യം ?

| | |
|---|---|
| A | ആകാശം ശക്തമായി പ്രകമ്പനം കൊള്ളും, മലകൾ സഞ്ചരിക്കും |
| B | നക്ഷത്രങ്ങൾ തുടച്ചു മാററപ്പെടും, ആകാശം തുറന്നു വിടർത്തപ്പെടും |
| C | ആകാശവും ഭൂമിയും അതല്ലാതായി മാററപ്പെടും |
| D | ഗൂര്യൻ ചുററിപ്പൊതിയപ്പെടും , നക്ഷത്രങ്ങൾ ഉതിർന്നു വീഴും |

86. ഇന്ദ്രിയത്തുള്ളികളിൽ നിന്നു സൃഷ്ടിക്കപ്പെട്ട മനുഷ്യനിതാ ഇപ്പോൾ എതിർ വാദിയായിരിക്കുന്നു... സ്രഷ്ടാവി നെ ധിക്കരിക്കുന്ന ഈ വിരോധാഭാസം എടുത്തു പറഞ്ഞതിലെ സൂചന എന്ത് ?

| | | | |
|---|---|---|---|
| A | ഇന്ദ്രിയത്തുള്ളി മ്ലേച്ഛമാണ് | B | ഉൽഭവത്തെക്കുറിച്ച് ചിന്തിക്കണം |
| C | സ്രഷ്ടാവും സൃഷ്ടിയും ഒന്നാകില്ല | D | ഭ്രൂണ ശാസ്ത്രം പഠിക്കണം |

87. ഈജിപ്ത് ജയിച്ചടക്കുമ്പോൾ അവിടത്തുകാരുമായി നല്ല നിലയിൽ ഇടപെടണമെന്ന് നബി ﷺ ഉപദേശത്തിലെ പൊരുളെന്ത് ?

| | |
|---|---|
| A | ആ നാട്ടുകാർ അപകടകാരികളാണ് സൂക്ഷിക്കണം |
| B | ഇസ്മാഈൽ നബിയുടെ മാതാവിന്റെ കുടുംബമാണ്. കുടുംബ ബന്ധം പാലിക്കണം |
| C | യഅ്ക്കൂബ് നബിയുടെ 12 മക്കളും അവിടെയാണ് |
| D | രാജ്യം കീഴടങ്ങുന്നത് രക്തച്ചൊരിച്ചിലിലൂടെ ആകാൻ പാടില്ല |

88. ഒരിക്കൽ ഉറപ്പിച്ച സത്യം പിന്നീട് ലംഘിക്കുന്ന ബുദ്ധി ഹീനതയെ ഖുർആൻ ഉപമിച്ചത് എന്തിനോടാണ് ?

| | |
|---|---|
| A | പാറ ഉരുട്ടി മലമുകളിൽ കയററിയ ശേഷം,താഴേക്ക് തട്ടിയിട്ട് ചിരിക്കുന്ന ഭ്രാന്തൻ |
| B | പാപം ചെയ്ത് പശ്ചാത്തപിച്ച് മടങ്ങിയ ശേഷം വീണ്ടും അതേ കുററം ആവർത്തിക്കുന്നവൻ |
| C | പിരി മുറുക്കി നൂലുണ്ടാക്കിയ ശേഷം അത് തുണ്ടം തുണ്ടമാക്കി ഉടച്ചവൾ |
| D | സൽക്കർമ്മമാണെന്ന് കരുതി ബിദ്അത്ത് ചെയ്തു കൂട്ടി നരകാവകാശികളാകുന്നവൻ |

89. അവതരണ ലക്ഷ്യങ്ങൾ വിവരിക്കുന്ന ഖുർആൻ അതേക്കുറിച്ച് സൂറ: ഇബ്രാഹീമിൽ പറഞ്ഞതെന്ത് ?

| | |
|---|---|
| A | ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് ഉൽബോധനം ചെയ്യൽ |
| B | മനുഷ്യർക്ക് സ്വർഗ്ഗത്തെക്കുറിച്ച് സന്തോഷ വാർത്തയും,നരകത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകാൻ |
| C | മനുഷ്യരെ അന്ധകാരത്തിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടു വരാൻ വേണ്ടി |
| D | സത്യവിശ്വാസം ഉൾക്കൊണ്ടവർക്ക് സന്മാർഗ്ഗം കാണിക്കാൻ |

90. "യഥാർത്ഥ (വിളിച്ചു) പ്രാർത്ഥന അവനോടാണ്. " സൂറത്ത് റഅ്ദ് :14 ***(പ്രാർത്ഥന അല്ലാഹുവിനോട് മാത്രം)*** ഖുർആൻ ആവർത്തിച്ചു പ്രഖ്യാപിക്കുന്ന ഈ കൽപ്പനയോട് ഇക്കാലത്ത് കടുത്ത എതിർപ്പ് പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നവർ ആര് ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ജൂത പുരോഹിതർ | B | പാതിരിമാർ | C | സന്യാസിമാർ | D | മുസ്ലീം നാമധാരി യാഥാസ്ഥികർ |

91. മിനുസമുള്ള വെള്ളക്കല്ലിൽ ചങ്ങലവലിക്കും പോലെയുള്ളത് എന്ന് എന്തിനെക്കുറിച്ചാണ് നബി ﷺ പറഞ്ഞത് ?

| | | | |
|---|---|---|---|
| A | സ്വർഗ്ഗത്തിലേക്കുള്ള സഞ്ചാരം | B | നരകത്തിലേക്ക് വലിച്ചിഴക്കുന്നത് |
| C | മലക്കുകളുടെ ചിറകടി | D | ജിന്നുകളുടെ സ്വകാര്യം |

92. ഖുർആൻ പാരായണം ചെയ്യുന്നതായാൽ എന്തു വേണമെന്നാണ് സൂറത്ത് നഹ്‌ലിലെ കൽപ്പന?

| | | | |
|---|---|---|---|
| A | ബിസ്മി ചൊല്ലിക്കൊണ്ടാകണം | B | ശരീര ശുദ്ധിയോടെയാകണം |
| C | 'സദക്കല്ലാഹു' എന്ന് ചൊല്ലണം | D | ശപിക്കപ്പെട്ട പിശാചിൽ നിന്ന് ശരണം തേടണം |

93. 'ഇതാ അല്ലാഹുവിന്റെ കൽപ്പന വന്നുപോയി' കൽപ്പന എന്നാൽ ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | വിശുദ്ധ ഖുർആൻ | B | അന്ത്യ സമയം | C | മത നിയമം | D | സത്യ പ്രബോധനം |

94. وَإِنْ تَعُدُّوا نِعْمَةَ اللَّهِ لَا تُحْصُوهَا 'അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ എണ്ണുന്ന പക്ഷം നിങ്ങൾ അത് കണക്കാക്കുകയില്ല' ഈ വചനങ്ങൾ ആവർത്തിച്ച അദ്ധ്യായങ്ങൾ ?

| | | | | | | | |
|---|---|---|---|---|---|---|---|
| A | ഇബ്രാഹീം, റഅ്ദ് | B | നഹ്ൽ, ഹിജ്ർ | C | നഹ്ൽ, ഇബ്രാഹീം | D | റഅ്ദ്, നഹ്ൽ |

95. നിങ്ങൾക്ക് അറിഞ്ഞു കൂടാതിരിക്കുകയാണെങ്കിൽ നിങ്ങൾ പ്രമാണത്തിന്റെ ആളുകളോട് ചോദിക്കുവിൻ (സൂറത്തു നഹ്ൽ:36) ഏത് വിഷയം ചോദിക്കാനാണ് മക്കാ മുശ്‌രിക്കുകളോട് ആവശ്യപ്പെട്ടത്?

| | | | |
|---|---|---|---|
| A | പ്രബോധനത്തിന്റെ രീതി | B | പ്രവാചക നിയോഗം |
| C | പരലോക വിശ്വാസം | D | ബഹുദൈവ വിശ്വാസം |

96-100 അല്ലാഹു ഉപരിയാകാശങ്ങൾ തൂണില്ലാതെ ഉയർത്തി വ്യവസ്ഥപ്പെടുത്തിയ കാര്യങ്ങൾ ഉണർത്തിയ ശേഷം നിത്യേന കണ്ട് അനുഭവിക്കുന്ന 10 ദൃഷ്ടാന്തങ്ങൾ ഓർമ്മപ്പെടുത്തിയിരിക്കുന്നു. സൂറത്തു റഅ്ദ്: 3,4 വചനങ്ങളിലെ ദൃഷ്ടാന്തങ്ങളുടെ ശരിയായ ക്രമം ഏത് ? (1/2 മാർക്ക് വീതം)

(താഴെ കൊടുത്ത ക്രമ നമ്പറുകൾക്ക് അടിയിൽ യോജിക്കുന്ന അക്ഷരങ്ങൾ എഴുതുക.)

A. ശാഖകളുള്ളതും ഒററത്തടിയുമായ മരങ്ങൾ.
B. ദൂരാദൂരം ഒഴുകുന്ന നദികൾ.
C. അടുത്തടുത്ത വ്യത്യസ്ത ഭൂപ്രദേശങ്ങൾ.
D. പകലിനെ മൂടുന്ന രാവ് .
E. പല വിധ ഗുണവും, രുചിയുമുള്ള ഭോജ്യങ്ങൾ
F. പ്രവിശാലമായി പരത്തിയ ഭൂമി.
G. നനയ്ക്കാനായി ഒരേ ജലം
H. ഉറപ്പിച്ച മലകൾ.
I. കൃഷികൾ , ഈത്തപ്പന - മുന്തിരി തോട്ടങ്ങൾ
J. ഫലവർഗ്ഗങ്ങളിലെല്ലാം ഈരണ്ട് ഇണകൾ.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |